മാധ്യമം 07 June 2023




# അഗ്രികൾചർ സയൻസ് കോൺഗ്രസിന് കൊച്ചി വേദിയാകും

**കൊച്ചി:** ഒക്ടോബർ 10 മുതൽ 13 വരെ നടക്കുന്ന 16ാമത് അഗ്രികൾചറൽ സയൻസ് കോൺഗ്രസിന് കൊച്ചി വേദിയാകും. ഡൽഹിയിലെ നാഷനൽ അക്കാദമി ഓഫ് അഗ്രികൾചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനത്തിന് ഇത്തവണ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനമാണ് (സി.എം.എഫ്.ആർ.ഐ) ആതിഥ്യമരുളുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കാൻ കാർഷിക-ഭക്ഷ്യസംവിധാനങ്ങളുടെ പരിവർത്തനം എന്ന പ്രമേയത്തിലാണ് സമ്മേളനം.

പ്രമുഖ ഗവേഷകർ, അക്കാദമിക് വിദഗ്ധർ, വിദ്യാർഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവർ കാർഷിക-അനുബന്ധ മേഖലകളിലെ കണ്ടെത്തലുകളും ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കും.

പ്ലീനറികൾ, പ്രത്യേക പ്രഭാഷണങ്ങൾ, സാങ്കേതിക സെഷനുകൾ, അഗ്രി എക്സ്പോ, സിമ്പോസിയങ്ങൾ, പാനൽ ചർച്ചകൾ, പ്രസംഗ മത്സരം, കർഷകരുമായും വ്യവസായികളുമായുള്ള സംവാദങ്ങൾ എന്നിവയാണ് സമ്മേളനത്തിലെ പ്രധാന ഇനങ്ങൾ.

ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോൺഗ്രസിൽ പങ്കെടുക്കും. സമ്മേളനത്തിൽ നടക്കുന്ന പ്രസംഗമത്സരത്തിൽ കാർഷിക സർവകലാശാലകളിലെ വിദ്യാർഥികൾക്ക് പങ്കെടുക്കാം. രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾക്കും www.16asc2023.in സന്ദർശിക്കുക. ഇ-മെയിൽ: 16asc2023@gmail.com